STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.385/PR/SPMC/PHQ/2026 Date: 31.08.2026

## പത്രക്കുറിപ്പ്

**കേരള പോലീസ് രാജ്യത്തിന്റെ ഐക്യം, അഖണ്ഡത, ദേശാഭിമാനബോധം, ജനതാത്പര്യം എന്നിവയ്ക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന സേന: ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല**

**കെ.എ.പി നാല്, എം.എസ്.പി ബറ്റാലിയൻ പാസിങ് ഔട്ട് പരേഡ് നടന്നു**

കേരള പോലീസ് ഇന്ത്യയിലെ പോലീസിനു തന്നെ മാതൃകയാണെന്നും ഏറ്റവും അഭിമാനകരമായ കുറ്റാന്വേഷണ പ്രവർത്തനങ്ങളും ജനങ്ങൾക്ക് പൂർണ്ണമായും സമാധാനപരമായി ജീവിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്ന കാര്യത്തിലും മികച്ച പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

കണ്ണൂർ, മാങ്ങാട്ടുപറമ്പ് കെ.എ.പി നാലാം ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ നടന്ന പാസിങ് ഔട്ട് പരേഡിന്റെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ദേശാഭിമാനബോധത്തിനും ജനതാത്പര്യത്തിനും മുൻതൂക്കം നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന സേനയാണ് കേരള പോലീസ്. കഠിനമായ പരിശീലനം പൂർത്തിയാക്കി സേവനത്തിനായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങുന്ന നിങ്ങൾ ജനതാത്പര്യമാണ് ഉയർത്തിപ്പിടിക്കേണ്ടത്. ഈ സേനയ്ക്ക് അഭിമാനിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് നിങ്ങളിൽ നിന്ന്

ഉണ്ടാകേണ്ടതെന്നും ജനങ്ങളുടെ താല്പര്യവും ക്ഷേമവും സംരക്ഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ് കേരള പോലീസ് അംഗങ്ങളായ നിങ്ങൾക്കുള്ളതെന്നും അദ്ദേഹം പറഞ്ഞു.

നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കുണ്ടെന്നും കേരളത്തിലെ സാധാരണ ജനങ്ങളുടെ, പാവപ്പെട്ടവരുടെ, അധ്വാനിക്കുന്നവരുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നാടിനും സമൂഹത്തിനും വേണ്ടി അച്ചടക്കബോധത്തോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്തു.

കേരള ആംഡ് പോലീസ് നാലാം ബറ്റാലിയനിൽ നിന്നുള്ള 166 ഉം മലബാർ സ്പെഷ്യൽ പോലീസ് ബറ്റാലിയനിൽ നിന്നുള്ള 139 സേനാംഗങ്ങളും ഉൾപ്പെടെ 305 റിക്രൂട്ട് പോലീസ് സേനാംഗങ്ങളാണ് പാസ്സിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്. സൂരജ് വി നയിച്ച പരേഡിന്റെ സെക്കൻറ് ഇൻ കമാൻഡർ ജിനു ബി.ഐ ആയിരുന്നു.

കെ.എ.പി നാലാം  ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് ആൽബിൻ വർഗീസ് ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി സബിൻ ടി സത്യനും മികച്ച ആൾ റൗണ്ടറായി അമൽ ദേവ് .ഡി യും മികച്ച ഷൂട്ടറായി നിവേദ് കെ.വി യും തെരഞ്ഞെടുക്കപ്പെട്ടു.

എം.എസ്.പി ബറ്റാലിയനിൽ നിന്ന് മികച്ച ഇൻഡോർ ആയി തെരഞ്ഞെടുക്കപ്പെട്ടത് ആദർശ് .പി ആണ്. മികച്ച ഔട്ട്ഡോർ കേഡറ്റായി തെരഞ്ഞെടുക്കപ്പെട്ട ജിനു ബി.ഐ തന്നെയാണ് മികച്ച ആൾ റൗണ്ടറും. മികച്ച ഷൂട്ടറായി തെരഞ്ഞെടുക്കപ്പെട്ടത് ജിതിൻ കെ.വൈ ആണ്.

അടിസ്ഥാന പരിശീലനത്തന്റെ ഭാഗമായി ഇവർക്ക് ശാരീരിക ക്ഷമതയും മനക്കരുത്തും വർധിപ്പിക്കുന്ന പാഠങ്ങളാണ് പകർന്നു നൽകിയത്. ഔട്ട്ഡോർ വിഭാഗത്തിൽ ശാരീരിക ക്ഷമത പരിശീലനം, ആയുധ പരിശീലനം, കരാട്ടേ, യോഗ, നീന്തൽ, വിവിധ സെൽഫ് ഡിഫൻസ് പരിശീലനങ്ങൾ, ഫയറിംഗ് എന്നിവയിൽ പരിശീലനം ലഭിക്കുകയുണ്ടായി.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, മോട്ടോർ വെഹിക്കിൾ ആക്റ്റ്, വി.ഐ.പി ബന്തവസ്സ്, ടെലി കമ്മ്യൂണിക്കേഷൻ, സോഷ്യൽ മീഡിയ, സൈബർ കുറ്റകൃത്യങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഫോറൻസിക് സയൻസ്, ഫോറൻസിക് മെഡിസിൻ,

പീനോളജി, വിക്ടിമോളജി, സൈബർ ഫോറൻസിക് എന്നീ വിഷയങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്.

സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ തുടങ്ങിയവ പോലീസിന്റെ മാനവിക മുഖത്തിന്റെ സാക്ഷ്യം കൂടിയാണ്.

കാസർഗോഡ് എം.പി രാജ് മോഹൻ ഉണ്ണിത്താൻ, എം.എൽ.എ മാരായ വി. കുഞ്ഞികൃഷ്ണൻ, ടി ഒ. മോഹനൻ, സജീവ് ജോസഫ്, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ബൽറാം കുമാർ ഉപാധ്യായ, മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ, പുതിയ സേനാംഗങ്ങളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

**************************












PAR